എന്ന സംശയമാണ്. ഗവൺമെൻറ് ഇനീഷ്യേറ്റീവ് എടുക്കുന്ന പക്ഷം മാത്രമെ ജനങ്ങൾക്കും പണം തരുന്നതിന്ന് ഉത്സാഹമുണ്ടാകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ പണമില്ലെന്ന പറഞ്ഞു് ഈ റസല്യൂഷനെ എതിർക്കാതിരിക്കുവാൻ ചീഫ് മെഡിക്കലാപ്പീസർ അവർകളോടു പ്രത്യേകം അപേക്ഷിച്ചുകൊണ്ടും ആമ്പുലൻസു കാർ സാധുക്കൾക്കും ധനവാന്മാർക്കും ഒരു പോലെ ഉപയോഗമുള്ളതാകയാൽ സാധുക്കളുടെ ഭാഗം അതിശക്തിയായി വാദിക്കുന്നതായ മെമ്പർമാരും അതേപോലെ തന്നെ ധനവാന്മാരുടെ കാര്യം വാദിക്കുന്നതായ മറ്റു ബഹുമാനപ്പെട്ട മെമ്പർമാരും എന്റെ ഈ പ്രമേയത്തെ ശക്തിയായി പിന്താങ്ങും എന്നുള്ള പൂർണ്ണ ബോദ്ധ്യത്തോടു കൂടി ഞാൻ ഈ പ്രമേയത്തെ ബഹുമാനപ്പെട്ട് സഭയുടെ അംഗീകരണത്തിന്നായി അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Shabdai S. Koder *(Jews):* I support the resolution. The absence of an ambulance service is very keenly felt by the public of Cochin. In every good hospital there is an ambulance service. Even in hospitals run by missioneries we find a very good ambulance service and it is therefore a shame that even such a well-equipped hospital, like the General Hospital in Ernakulam, has no such service. The initial cost of an ambulance car, I think may be roughly about 4,000 rupees and I am sure Government can very well afford to have one at Ernakulam and another at Trichur. The Mattancheri public can very well use the ambulance service at Ernakulam when the bridge is completed. There is the question of running charges. In Madras they charge Rs. 3 within the Municipal limits and I am sure the Government here also may charge the same rate. Though the Government may not get the money that is required to maintain the service at least a small amount Government will get from the public. I therefore whole-heartedly support the resolution.

Dr. T. Verghese *(Offg. Chief Medical Officer):* This is a resolution which the Government are pleased to accept. Government are also pleased to note that unstinted support will be forthcoming from the Hon'ble Lady Member and other ladies.

Resolution accepted.

14. Providing road—communication to Padiyur village

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയമിതാണ്. *"This Council recommends to the Government that the question of providing some means of road communication to Padiyur village should be immediately taken up."* ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുമ്പോൾ അതിനു ശക്തി കൂട്ടുന്നതിന്ന് ഒരു പ്രസംഗം ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്ദേശം 10 കൊല്ല

LIBRARY ARCHIVES Kerala Legislative Assembly

ത്തോളമായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ നിരന്തരം വന്നുകൊണ്ടിരിക്കുന്നതും, എന്നാൽ ഗവൺമെണ്ടു് ആ മാർഗത്തുനിന്നു കേൾക്കുന്ന ശബ്ദങ്ങൾക്കു യാതൊരു വിലയും കണക്കാക്കാതെ തള്ളിക്കൊണ്ടിരിക്കുന്നതും ആയ ഒരു കാര്യവുമാണിതു്. കൊച്ചീരാജ്യത്തു് മറ്റെടിക്കുകളിലില്ലാത്ത ദുരിതം അനുഭവിക്കുന്ന മനുഷ്യരാണു് പടിയൂർ വില്ലേജിലുള്ളതെന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ മനസ്സിലാക്കണമെന്നാണു് ഞാൻ ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു്. ഈ സംഗതി പബ്ലിക്കു് വർക്കുസു് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതായും അദ്ദേഹം ഒരു കാലത്തു് ഇതിനെ സംബന്ധിച്ചു് ചില തീരുമാനങ്ങൾ റോഡുബോർഡിൽതന്നെ ചെയ്തിട്ടുള്ളതായും എന്നോടു പറയുകയുണ്ടായിട്ടുണ്ടു്. പടിയൂർ എന്ന വില്ലേജിനെപ്പറ്റി എന്റെ ബഹുമാന്യസ്നേഹിതന്മാരെ മനസ്സിലാക്കിത്തരേണ്ട ചുമതല എനിക്കുണ്ടു്. വർഷകാലം മുഴുവൻ വെള്ളത്തിനടിയിൽ കിടക്കുന്ന ഒരു സ്ഥലമാണതു്. അരിപ്പാലം റോഡു് പടിയൂരിന്റെ ഒരൊന്നര നാഴിക അകലെകൂടി പോകുന്നുണ്ടു്. ആ റോഡിൽനിന്നു ഒന്നര നാഴിക പാടത്തുകൂടി നടന്നാലെ പടിയൂരിൽ എത്തുകയുള്ളൂ. ഗവൺമെണ്ടിൽനിന്നും ഒരു ഉദ്യോഗസ്ഥനും ഇവിടെ മറുപടി പറഞ്ഞപ്പോൾ പടിയൂരിൽ ഒരു റോഡുണ്ടു് എന്നു പറയുകയുണ്ടായിട്ടുണ്ടു്. പടിയൂർ റോഡു് എന്നദ്ദേഹം ഉദ്ദേശിക്കുന്നതു് അരിപ്പാലത്തേക്കുള്ള റോഡാണു്. യഥാർത്ഥത്തിൽ പടിയൂരിൽ ഒരു റോഡില്ല. പടിയൂരിൽ ഉദ്ദേശം പത്തുനാനൂറു കുടുംബങ്ങൾ കൂടിക്കാൻ കഞ്ഞിയില്ലാതെ, ഉടുക്കാൻ വസ്ത്രമില്ലാതെ കഷ്ടപ്പെടുന്നു. എന്നാൽ അവക്കു് നടക്കാൻ ഒരു വഴിയെങ്കിലും ഉണ്ടാക്കാതെ നിവൃത്തിയില്ല. വലിയ ലോറികളും മോട്ടോർകാറുകളും പോകാനുള്ള ഒരു വഴി വേണമെന്നു് ഞാൻ പറയുന്നില്ല. ആളുകൾക്കു നടക്കാൻ ഒരൊറ്റയടിപ്പാതയെങ്കിലും ഉണ്ടാക്കിക്കൊടുത്താൽ മതി. അതെങ്കിലും അവിടത്തെ ജനങ്ങൾക്കുണ്ടാക്കിക്കൊടുക്കണമെന്നുള്ള ഒരപേക്ഷ മാത്രമാണു് ഞാൻ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതു്. ഏറെ കൊല്ലക്കാലമായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിതു്. അതുകൊണ്ടു് ഇനിയെങ്കിലും ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പതിയണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer)*: I must admit that in the Padiyur village there is some difficulty for want of communication. The village is bounded in the north by the Kakkathuruthi road and the south by the Aripalam road. The distance between these two roads is $2\frac{1}{2}$ miles, and if you consider that distance of $2\frac{1}{2}$ miles between two important roads, it is not a very serious handicap. Padiyur is not the only village which has not got such facilities. Villages like Chellanam and Narakkal suffer more inconvenience for want of a road. Taking Chellanam, for example, no person can go from that place to Ernakulam in less than 5 hours. From Padiyur if they walk $1\frac{1}{2}$ miles they come to a good road.

മിസ്റ്റർ പുത്തൂർ അച്യുത മേനോൻ: നടക്കാൻ നിവൃത്തിയില്ല. പറക്കുകതന്നെ വേണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon *(Chief Engineer):* In any case after receiving the resolution I made a survey of this road and I got a plan prepared with the proposed alignment marked. For an ordinary P. W. road it will cost 30,000 rupees. This will be a major road work and so I request the House to be pleased to allow that this proposal may be placed before the next Road Board to be included in the Road Board Programme. Since you have already got a Road Board Programme when this question was considered it is not quite correct for us now to include this road behind their backs. It ought to be placed before the Board to be included in the next comprehensive plan. The resolution as it stands wants that the road work should be started immediately. That is not quite proper. I can promise that this proposal will be given an important position in the next programme of the Board.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: സർ, ഞാൻ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യണമെന്ന് വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയശേഷം സഭയുടെ അനുവാദത്തോടുകൂടി ഇതിനെ പിൻവലിക്കാമെന്നു വിചാരിക്കുന്നു. Immediately എന്ന പദം ഞാൻ ഇവിടെ ചേർത്തിട്ടുള്ളതിനു് ഡിക്ഷണറിയിൽ കുറിച്ചിട്ടുള്ള അർത്ഥമല്ല ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ഇന്നതന്നെ അതു ചെയ്യണമെന്ന അർത്ഥത്തിലല്ല ഞാൻ ആ പദം ചേർത്തിട്ടുള്ളതു്; ഇന്നല്ലെങ്കിൽ നാളെ അതു ചെയ്യുതരണമെന്നുള്ള അർത്ഥത്തിലാണു്. പിന്നെ ഇതു് റോഡുബോർഡിൽ കൊടുക്കണമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇതു് റോഡുബോർഡിൽ കൊടുത്തിരുന്നു. എന്നിട്ടു യാതൊരു പ്രയോജനവുമുണ്ടായില്ല. ഇതിന്റെ അത്യാവശ്യത ഒന്നു മനസ്സിലാക്കുവാൻ ഗവമ്മെണ്ടിനു ഒരവസരമുണ്ടാകണം. അവിടെ ഒരു റോഡുണ്ടാക്കാൻ മുപ്പതിനായിരം രൂപാ ചിലവുവരുമെന്നു് ഇവിടെ പറയുന്നതു കേട്ടു. അതിനു മുപ്പതിനായിരം രൂപാ ചിലവുവരുമെന്നു് ഞാനുദ്ദേശിക്കുന്നില്ല. തല്ക്കാലം നടക്കാൻ ഒരു വഴിയുണ്ടാക്കിത്തന്നതിനുശേഷം ബാക്കിയുള്ളതു പിന്നെ ചെയ്യുതന്നാൽ മതി. ഇതു് ചെയ്യുതരാതെ യാതൊരു നിവൃത്തിയുമില്ല. ഫറോ കൊല്ലക്കാലമായി ഞങ്ങൾ ശ്രമിച്ചുവരുന്ന ഒരു കാര്യമാണിതു്. ഞങ്ങൾക്കു് അരിപ്പാലം റോഡിൽനിന്നായാലും വേണ്ടില്ല, കാക്കത്തുരുത്തി റോഡിൽനിന്നായാലും വേണ്ടില്ല നടക്കാൻ ഒരു വഴിയുണ്ടാക്കിത്തരണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ആ കാര്യം ഗവമ്മെണ്ടതീരുമാനിക്കാതെ നിവൃത്തിയില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution by leave withdrawn

15. Enfranchisement of drivers, syrangs, etc.

മിസ്റ്റർ വി. കെ. കുട്ടി: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയമിതാണു്.

"യന്ത്രങ്ങൾ ഉപയോഗിച്ചു നടത്തുന്ന ജലവാഹനങ്ങളിലും കരവാഹനങ്ങളിലും ഫാക്ടറികളിലും ജോലിചെയ്യുന്ന ഡ്രൈവർ, സ്രാങ്ക്, മാസ്റ്റർ, കണ്ടക്ടർ എന്നീ ലൈസൻസുള്ള ജോലിക്കാർക്കും നിയമസഭാതിരഞ്ഞെടുപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly